**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 705** **27.04.2017-ന് മറുപടിയ്ക്ക്**

**വനസംരക്ഷണം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജെയിംസ് മാത്യു<br>ശ്രീ. സി.കെ. ഹരീന്ദ്രൻ<br>ശ്രീ. ആന്റണി ജോൺ<br>ശ്രീ. എസ്.രാജേന്ദ്രൻ | ശ്രീ. കെ. രാജു<br>(ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സ്വാഭാവിക വനങ്ങളുടെ ഫലപ്രദമായ സംരക്ഷണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | സംസ്ഥാനത്തെ വനം കൊള്ളയും കൈയ്യേറ്റശ്രമങ്ങളും യഥാസമയം കണ്ടെത്തുകയും അവ തടയുകയും കുറ്റക്കാർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. വനഭൂമിയുടെ സംരക്ഷണത്തിനായി വനാതിർത്തി നിർണ്ണയിച്ച് സ്ഥിരം ജണ്ട കെട്ടിയും കൈയ്യാല സ്ഥാപിച്ചും വനം കൈയ്യേറ്റത്തിന് സാധ്യതയുള്ള സ്ഥലങ്ങളിൽ നിരന്തരം പട്രോളിംഗ് നടത്തിയും ജന പങ്കാളിത്ത പ്രവർത്തനങ്ങളിലൂടെ വനസംരക്ഷണം നടത്തുന്നു. കാട്ടുതീ മൂലം സ്വാഭാവിക വനങ്ങൾ നശിക്കാതിരിക്കാൻ ഫയർ ലൈനുകൾ നിർമ്മിക്കുകയും ഫയർ വാച്ചർമാരെ നിയോഗിക്കുകയും ചെയ്യുന്നു. |
| (ബി) | ഈ വർഷത്തെ രൂക്ഷമായ വരൾച്ച വനമേഖലയ്ക്കുണ്ടാക്കുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | കാട്ടുതീ തടയുന്നതിനായി എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ; | (സി) | ഓരോ ഫോറസ്റ്റ് ഡിവിഷനുകീഴിലും വരുന്ന വനമേഖലയുടെ സ്വഭാവം മുൻവർഷങ്ങളിലെ അനുഭവം ഈ വർഷം ഇവ കത്താനുള്ള സാധ്യത എന്നിവ കണക്കിലെടുത്ത് വനമേഖലയെ Highly/Moderately/Low എന്നിങ്ങനെ വിവിധ സാധ്യതാ മേഖലകളിലായി തരംതിരിക്കുകയും ഹോട്ട്സ്പോട്ടുകൾ അടയാളപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഓരോ ഡിവിഷൻ തലത്തിലും കാട്ടുതീയെ ഫലപ്രദമായി നേരിടാനുള്ള പ്രവൃത്തികൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഫയർ മാനേജ്മെന്റ് പ്ലാനുകൾ തയ്യാറാക്കുകയും സർക്കിൾ തലവന്മാർ ഇവ പരിശോധിച്ച് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഓരോ വനമേഖലയിലേയും കാട്ടുതീ സാധ്യതയും സ്ഥലത്തിന്റെ പ്രത്യേകതയും കണക്കിലെടുത്ത് കാട്ടുതീയെ നേരിടാനുള്ള തന്ത്രം ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.<br>അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾക്ക് |

| | | | |
|---|---|---|---|
| | | | മേൽനോട്ടം വഹിക്കാനായി സംസ്ഥാന തലത്തിൽ വനം വകുപ്പ് ആസ്ഥാനത്ത് ഒരു ഫയർ മോണിറ്ററിംഗ് സെൽ പ്രവർത്തിച്ചു വരുന്നു. ഇതിനു പുറമെ എല്ലാ വന ഡിവിഷനുകളിലും ഫയർ കൺട്രോൾ റൂമും അടിയന്തിര സാഹചര്യങ്ങൾ നേരിടാൻ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ ക്രൈസിസ് മാനേജ്മെന്റ് ടീമും പ്രവർത്തിച്ചുവരുന്നു.<br>വരൾച്ച രൂക്ഷമായിട്ടുള്ള പ്രദേശങ്ങളിൽ കാട്ടുതീ സാധ്യത മുൻനിർത്തി വന്യജീവി സങ്കേതങ്ങളിലും ദേശീയ ഉദ്യാനങ്ങളിലും സന്ദർശകർക്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.<br>ജനങ്ങളെ ബോധവാൻമാരാക്കുന്നതിന് കേരളത്തിൽ നാളിതുവരെ വിവിധ വന ഡിവിഷനുകളിലായി 400-റോളം ബോധവൽക്കരണ പരിപാടികൾ നടത്തിയിട്ടുണ്ട്. |
| (ഡി) | വന സംരക്ഷണത്തിനായി വിവിധ സമിതികളുടെയും ഗവൺമെന്റിതര സംഘടനകളുടെയും പങ്കാളിത്തത്തോടെ എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ ഫണ്ട് ഉപയോഗിച്ച് പ്രവർത്തിക്കുന്ന നാഷണൽ അഫോറസ്റ്റേഷൻ & ഇക്കോ ഡെവലപ്മെന്റ് ബോർഡ്, നാഷണൽ മെഡിസിനൽ പ്ലാന്റ്സ് ബോർഡ്, നാഷണൽ ബാംബൂ മിഷൻ, സ്റ്റേറ്റ് മെഡിസിനൽ പ്ലാന്റ്സ് ബോർഡ് തുടങ്ങിയ ഏജൻസികളുടെ ധന സഹായത്തോടെ വിവിധ വനസംരക്ഷണ പരിപാടികൾ പങ്കാളിത്ത വനപരിപാലനസ്ഥാപനങ്ങളായ വനസംരക്ഷണ സമിതികൾ/ ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവ വഴി കേരളത്തിൽ നടപ്പാക്കി വരുന്നുണ്ട്. നാഷണൽ അഫോറസ്റ്റേഷൻ പരിപാടി, ഗ്രീൻഇന്ത്യ മിഷൻ പദ്ധതി മുതലായവയാണ് ഇത്തരത്തിലുള്ള പരിപാടികളിൽ പ്രധാനമായവ. ഗ്രീൻഇന്ത്യ മിഷൻ പദ്ധതിയിൽ നീർത്തടങ്ങളുടെ സംരക്ഷണത്തിന് പ്രത്യേക ഊന്നൽ നൽകിയിട്ടുണ്ട്. 2016-17 ൽ തുടങ്ങി 5 വർഷം കൊണ്ട് പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിട്ടുള്ള ഈ പദ്ധതിയിലൂടെ തണ്ണീർതടങ്ങളുടെ സംരക്ഷണം ഫലപ്രദമായി നടത്താൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്. ഗ്രീൻഇന്ത്യ മിഷന്റെ ഭാഗമായി വനേതര പ്രദേശങ്ങളിലെ വൃക്ഷവൽക്കരണ-ജലസംരക്ഷണ പരിപാടികളിൽ ഗവൺമെന്റിതര സംഘടനകളുടെ പങ്കാളിത്തം ഉറപ്പ് വരുത്തുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**